http://theendtimenews.com/



## സ്ഥലം അറിഞ്ഞ് വിത്ത് വിതയ്ക്കുക



പാസ്റ്റർ.രാജു പൂവക്കാല

തുടർച്ച 05 പേജിൽ

CHRISTIAN NEWS JUNE 2021

# ദി എൻഡ് ടൈം ന്യൂസ്

ദി വേക്ക് അപ്പ് -കോൾ

Volume 04 Issue No:42 Pages:15 Reg: TVM/1717/2014, Established:USA, Published from:India

## ഹോറോദേസ് രാജാവ് നിർമ്മിച്ച പടുകൂറ്റൻ മന്ദിരത്തിന്റെ അവശിഷ്ടങ്ങൾ ഇസ്രായേലിൽ കണ്ടെത്തി




ബൈബിളിലെ പുതിയ നിയമത്തിൽ വിവരിക്കുന്ന ഹോറോദേസ് രാജാവ് നിർമ്മിച്ച പടുകൂറ്റൻ മന്ദിരത്തിന്റെ അവശിഷ്ടങ്ങൾ ഇസ്രായേലിലെ അഷ്കലോണിൽ പുരാവസ്തുഗവേഷകർ കണ്ടെത്തി. റോമൻ ഭരണകാലഘട്ടത്തിൽ നിർമ്മിച്ച സമാന മന്ദിരങ്ങൾ ഇംഗ്ലീഷിൽ ബസിലിക്ക എന്നാണറിയപ്പെട്ടിരുന്നത്. ഈ ഗണത്തിലെ ഏറ്റവും വലിയ മന്ദിരമാണ് ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത്. 2000 വർഷം പഴക്കം കണക്കാക്കപ്പെടുന്നു. ബിസി 37 മുതൽ 04 വരെയാണ് ഹേറോദേസ് രാജാവ് യൂദയാ ഭരിച്ചത്. ആ നാളുകളിൽ അഷ്കലോൺ കച്ചവടത്തിന്റെ ചുവടുപിടിച്ച് സമ്പന്നമായ ഒരു തുറമുഖമായിരുന്നു. ഹേറോദേസ് നിർമ്മിച്ച മന്ദിരത്തിന്റെ മധ്യത്തിൽ ഒരു വലിയ മുറി കണ്ടെത്തിയിട്ടുണ്ട്. ഏഷ്യാമൈനറിൽ നിന്നും കൊണ്ടുവന്ന മാർബിൾ ഉപയോഗിച്ചാണ് തറയും ഭിത്തികളും നിർമ്മിച്ചതെന്ന നിരീക്ഷണത്തിൽ ഗവേഷകർ എത്തിയിട്ടുണ്ട്.

റോമൻ സാമ്രാജ്യത്തിന്റെ ചിഹ്നമായ കഴുകൻ ഉൾപ്പടെയുള്ളവ ഗവേഷകർ കണ്ടെത്തിയ മന്ദിരത്തിന്റെ തൂണുകളിൽ ആലേഖനം ചെയ്തിട്ടുണ്ടെന്ന് കണ്ടെത്തി. 1920 കളിൽ ബ്രിട്ടീഷ് ഗവേഷകർ ഇവിടെനിന്ന് നിരവധി ഗ്രീക്ക്, ഈജിപ്ഷ്യൻ ആഗാധനാമൂർത്തികളുടെ പ്രതിമകൾ കണ്ടെത്തിയിരുന്നു. എ ഡി 363 ൽ ഉണ്ടായ ഭൂമികുലുക്കത്തിലാണ് മന്ദിരം തകർന്നതെന്ന് കരുതപ്പെടുന്നു. ഓട്ടോമാൻ തുർക്കികളുടെ സമയത്ത് മന്ദിരത്തിന്റെ മാർബിൾ മറ്റു നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപയോഗിച്ചിരുന്നു. ടൂറിസ്റ്റുകൾക്കു വേണ്ടി ഹേറോദേസിന്റെ മന്ദിരം പുനർനിർമ്മിക്കാനുള്ള ശ്രമത്തിലാണ് അധികൃതർ ഇപ്പോൾ.

theendtimenews.com

## നഫ്താലി ബെന്നറ്റ് ഇസ്രായേലിന്റെ 13 മത് പ്രധാനമന്ത്രി



**ടെൽ അവീവ്:** ഇസ്രായേലിന്റെ 13 മത് പ്രധാനമന്ത്രിയായി യാമിനാ പാർട്ടി നേതാവ് 49 കാരനായ നഫ്താലി ബെന്നറ്റ് അധികാരത്തിലേക്ക്. ഇസ്രായേൽ പാർലമെന്റായ കെനസറ്റിൽ 60–59 എന്ന കേവലഭൂരിപക്ഷം നേടിയാണ് ബെന്നറ്റ്

തുടർച്ച 04പേജിൽ

## ഹമാസിന്റെ വരവോടെ ഗാസയിൽ ക്രിസ്ത്യാനികൾ നാലിലൊന്നായി കുറഞ്ഞു; ഇസ്രായേലിൽ വർദ്ധനവ്



**ജറുസലേം:** ഇസ്രായേലിൽ ക്രൈസ്തവരുടെ എണ്ണത്തിൽ വർദ്ധനവ് സൂചിപ്പിച്ചും പാലസ്തീനിൽ ക്രിസ്ത്യാനികൾ കുറയുന്നതും ചൂണ്ടിക്കാട്ടിയുള്ള പോസ്റ്റ് ചർച്ചയാകുന്നു. ഇസ്രായേൽ വിദേശകാര്യ മന്ത്രാലയത്തിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലാണ് ഈ ശ്രദ്ധേയമായ വിവരമുള്ളത്. ഗാസാ മുനമ്പിന്റെ ഉത്തരവാദിത്വം ഹാമാസ് ഏറ്റെടുത്തത് മുതൽ ഹാമാസ് പാലസ്തീനിലെ ക്രിസ്ത്യൻ ജനതയെ ഉപദ്രവിക്കുകയാണെന്നും ഇത് ക്രൈസ്തവരുടെ ജനസംഖ്യയിൽ 75% ത്തിലധികം കുറവ് വരുത്തിയെന്നും പറയുന്നു. ഹമാസിന്റെ വരവിന് മുമ്പ് 4200 ക്രൈസ്തവർ ഉണ്ടായിരുന്ന ഗാസയിൽ ഇപ്പോൾ ആകെയുള്ളത് 1000 ക്രൈസ്തവർ മാത്രമാണ്. അതേസമയം ഇസ്രായേലിലെ ക്രൈസ്തവ ജനസംഖ്യ

തുടർച്ച 04പേജിൽ

EDITORIAL BOARD

CHIEF EDITOR
Baiju Yacob Edavila

SUB EDITOR
Manuel Joseph
Jiji Babu

EDITORS
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

MANAGER
Bovas Sreekaryam

CO-ORDINATORS
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

REPORTERS
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

ADVISORY BOARD
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram

INDIA
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511

# ഇരകളാകുന്നവർ

ആഗോളതലത്തിൽ ഇസ്ലാമിക ദൈവശാസ്ത്രം ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയിലൂടെ കടന്നുപൊയ്കൊണ്ടിരിക്കുകയും അതിന്റെ അലയൊലികൾ ഇപ്പോൾ കേരളത്തിലടക്കം ശക്തിപ്പെടുകയും ചെയ്യുന്നു. ആയിരക്കണക്കിന് മുസ്ലീംങ്ങൾ സ്ത്രീപുരുഷ ഭേദമില്ലാതെ മതം ത്യജിക്കയും ആഗോളതലത്തിലും പ്രാദേശിക തലത്തിലും ക്രമാതീതമായ വർദ്ധനവ് വ്യക്തമാകുമ്പോഴുംഎന്തുകൊണ്ട് കേരളത്തിലും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും പെൺകുട്ടികൾ ഈ മതത്തിൽ ആകൃഷ്ടരാകുന്നു എന്നത് ആഴത്തിൽ അന്വേഷണ വിധേയമാക്കേണ്ടതാണ്. ഇസ്ലാംമതം ഈ കാലഘട്ടത്തിൽ നേരിടുന്ന നിർവചനാധീതമായ സ്വന്ത പ്രതിസന്ധിയുടെ നാളുകളിലും ക്രിസ്ത്യൻ കുടുംബങ്ങളിൽ നിന്ന് ഇസ്ലാം മതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്ന പെൺകുട്ടികൾ വിദേശങ്ങളിൽ ഭീകരപ്രവർത്തനത്തിന് പോകുവാനും തീവ്രമതബോധത്തിന് അടിമപ്പെടുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്? ഇതിൻരെ കാരണങ്ങളും പ്രതിവിധികളും അതത് സഭാനേതൃത്വം പഠനത്തിനും ഗവേഷണത്തിനും വിധേയമാക്കി അടിയന്തിര പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുന്നില്ല എങ്കിൽ വരും നാളുകളിൽ സങ്കീർണ്ണമാം വിധം അസമാധാനത്തിനും അരക്ഷിതാവസ്ഥയ്ക്കും കാരണമായേക്കാം.



ബൈജു യാക്കോബ്
ഇടവിള

**Disclaimer**

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.

# അവൻ ആകുന്നു നിന്റെ പുകഴ്ച



പാസ്റ്റർ ഷിബു തോമസ്, ഒക്കലഹോമ.

**നി**ന്റെ പുകഴ്ച അവൻ ആകുന്നു. നിന്റെ ദൈവം; നീ കണ്ണാലെ കണ്ടിട്ടുള്ള മഹത്വം ഭയങ്കരവുമായ കാര്യങ്ങളെ നിനക്കുവേണ്ടി ചെയ്തത് അവൻ തന്നെ( ആവ: 10:21)

ആകയാൽ യിസ്രായേലെ നിന്റെ ദൈവമായ യഹോവയെ ഭയപ്പെടുകയും അവന്റെ എല്ലാ വഴികളിലും നടക്കയും അവനെ സ്നേഹിക്കയും നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും കൂടെ സേവിക്കയും ഞാൻ ഇന്ന് നിന്നോട് ആജ്ഞാപിക്കുന്ന യഹോവയുടെ കൽപ്പനകളും ചട്ടങ്ങളും നിന്റെ നന്മയ്ക്കായ് പ്രമാണിക്കയും വേണം എന്നല്ലാതെ നിന്റെ ദൈവമായ യഹോവ നിന്നോട് ചോദിക്കുന്നത് എന്ത്? ഇതാ സ്വർഗ്ഗവും സ്വർഗ്ഗാധിസ്വർഗ്ഗവും ഭൂമിയും അതിലുള്ളതൊക്കെയും നിന്റെ ദൈവമായ യഹോവയ്ക്കുള്ളതാകുന്നു. നിന്റെ പിതാക്കന്മാരോട് മാത്രം യഹോവയ്ക്ക് പ്രീതി തോന്നി അവരെ സ്നേഹിച്ചു അവരുടെ ശേഷം അവരുടെ സന്തതിയായ നിങ്ങളെ ഇന്നുള്ളതുപോലെ സകല ജാതികളിലും വച്ച് തിരഞ്ഞെടുത്തു. ആകയാൽ നിങ്ങളുടെ ഹൃദയത്തിന്റെ അഗ്രചർമ്മം പരിച്ഛേദന ചെയ്വീൻ; ഇനി മേൽ ദുശാഠ്യമുള്ളവരാകരുത്. നിങ്ങളുടെ ദൈവമായ യഹോവ ദേവാധി ദൈവവും കർത്താധി കർത്താവുമായി വല്ലഭനും ഭയങ്കരനുമായ മഹാദൈവമല്ലോ; അവൻ മുഖം നോക്കുന്നില്ല പ്രതിഫലം വാങ്ങുന്നതുമില്ല. അവൻ അനാഥർക്കും വിധവമാർക്കും ന്യായം നടത്തിക്കൊടുക്കുന്നു. പരദേശിയെ സ്നേഹിച്ച് അവന് അന്നവും വസ്ത്രവും നൽകുന്നു.ആകയാൽ നിങ്ങൾ പരദേശിയെ സ്നേഹിപ്പിൻ നിങ്ങളും മിസ്രയീം ദേശത്ത് പരദേശികളായിരുന്നുവല്ലോ. നിന്റെ ദൈവമായ യഹോവയെ നീ ഭയപ്പെടണം, അവനെ സേവിക്കണം, അവനോട് ചേർന്നിരിക്കണം, അവന്റെ നാമത്തിൽ സത്യംചെയ്യേണം അവൻ ആകുന്നു നിന്റെ പുകഴ്ച, അവൻ ആകുന്നു നിന്റെ ദൈവം(ആവ10:12-21)

പ്രാർത്ഥന:

എന്റെ പുകഴ്ചയായ ദൈവമെ നാളെല്ലാം ഞാൻ അവിടുത്തെ സ്തുതിയെ വർണ്ണിക്കുവാൻ എന്നെ ഒരുക്കേണമെ....ആമേൻ.

**നിങ്ങളുടെ ദൈവമായ യഹോവ ദേവാധി ദൈവവും കർത്താധി കർത്താവുമായി വല്ലഭനും ഭയങ്കരനുമായ മഹാദൈവമല്ലോ; അവൻ മുഖം നോക്കുന്നില്ല പ്രതിഫലം വാങ്ങുന്നതുമില്ല.**



01-ാം പേജ് തുടർച്ച

യിൽ വന്ന വർദ്ധനവും പോസ്റ്റിൽ ചൂണ്ടിക്കാട്ടുന്നു.

രാജ്യത്ത് ആകെ ക്രൈസ്തവരുടെ എണ്ണം 1,80,000 ആണെന്നും ക്രിസ്ത്യാനികളുടെ വാർഷിക വളർച്ച നിരക്ക് 1.6% ആണെന്നും ഇസ്രായേൽ വിദേശകാര്യ മന്ത്രാലയത്തിന്റെ പോസ്റ്റിൽ പറയുന്നു. 7 ലക്ഷത്തോളം ആളുകൾ ലൈക്ക് ചെയ്യുകയും 600 ൽ ആധികം പേർ ഷെയർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഹമാസ് അധികാരത്തിലെത്തിയതോടെ ജനജീവിതം ദുസ്സഹമായെന്ന് ഗാസയിലെ ഏക കത്തോലിക്ക ഇടവകയുടെ വികാരി ഫാ മാരിയോ ഡിസിൽവ മുമ്പ് പറഞ്ഞിരുന്നു. ഒരു ദിവസം 3 മണിക്കൂർ മാത്രമാണ് വൈദ്യുതി ലഭിക്കുന്നതെന്നും കുടിവെള്ളത്തിനും ക്ഷാമമുണ്ടെന്നും തുറന്ന ജയിൽ പോലെയാണ് ക്രൈസ്തവർക്ക് ഈ പ്രദേശം അനുഭവപ്പെടുന്നതെന്നും ഏതാനും വർഷങ്ങൾക്ക് മുമ്പ് അദ്ദേഹം വെളിപ്പെടുത്തിയിരുന്നു.

01-ാം പേജ് തുടർച്ച

പുതിയ ഗവർൺമെന്റിന് രൂപം നൽകിയത്. 12 വർഷത്തെ തുടർച്ചയായ നെതന്യാഹു ഭരണത്തിനാണ് ഇതോടെ അവസാനമായത്. ഏറ്റവും കൂടുതൽ കാലം ഇസ്രായേൽ പ്രധാനമന്ത്രിയെന്ന റെക്കോർഡുള്ള 71 കാരനായ നെതന്യാഹു 15 വർഷങ്ങളാണ് രാജ്യത്തെ നയിച്ചത്. 8 വിവിധ പാർട്ടികൾ ചേർന്നു രൂപീകരിച്ച സഖ്യത്തിൽ 2 വർഷത്തിനു ശേഷം സഖ്യത്തിലെ മറ്റൊരു നേതാവായ യായീർ ലാപിഡിന് അധികാര കൈമാറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ നാലു തിരഞ്ഞെടുപ്പുകൾക്കാണ് രാജ്യം സാക്ഷ്യം വഹിച്ചത്. മിക്കി ലെവിയെ കെനസറ്റിന്റെ പുതിയ സ്പീക്കറായും തിരഞ്ഞെടുത്തു.

## ജോർജ്ജ് ഫ്ളോയ്ഡിനെ കൊല്ലുന്നത് പകർത്തിയ പതിനേഴുകാരിക്ക് പുലിസ്റ്റർ പ്രൈസ്




കറുത്ത വംശജനായ ജോർജ്ജ് ഫ്ളോയിഡിനെ അമേരിക്കൻ പോലീസ് ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തുന്നതിന്റെ ദൃശ്യങ്ങൾ പകർത്തിയ ഡാർനെല്ല ഫ്രേസിയർക്ക് പുലിസ്റ്റർ പ്രൈസിൽ പ്രത്യേക അവാർഡ്.ജോർജ്ജ് ഫ്ളോയ്ഡിന്റെ കൊലപാതകം വീഡിയോയിൽ പകർത്താൻ ധീരത കാണിച്ചതിനാണ് ആദരവ്. പോലീസ് അനീതിക്കെതിരെ പ്രതിഷേധത്തിന് കാരണമായ ഈ വീഡിയോ നീതിക്കും സത്യത്തിനും വേണ്ടിയുള്ള മാധ്യമപ്രവർത്തനത്തിൽ സാധാരണ പൗരന്മാരുടെ പ്രാധാന്യം വിളിച്ചോതുന്നതാണെന്നും പുലിസ്റ്റർ അവാർഡ് പ്രഖ്യാപനത്തിൽ പറഞ്ഞു. അമേരിക്കൻ നഗരമായ മിനപോളിസിൽ വെച്ച് 2020 മെയ് 25 നാണ് ജോർജ്ജ് ഫ്ളോയ്ഡ് കൊല്ലപ്പെട്ടത്. വ്യാജ കറൻസി കയ്യിൽ വെച്ചെന്നാരോപിച്ച് പോലീസ് കസ്റ്റഡിയിലെടുത്ത ജോർജ്ജ് ഫ്ളോയ്ഡിനെ വെള്ളക്കാരനായ പോലീസ് ഉദ്യോഗസ്ഥൻ ഡെറക് ചൗവിൻ കാൽമുട്ടുകൊണ്ട് കഴുത്തു ഞെരിച്ച് കൊല്ലുകയായിരുന്നു. പതിനേഴുകാരിയായ ഡാർനെല്ല ഈ ദൃശ്യങ്ങൾ തന്റെ ഫോണിൽ പകർത്തി സോഷ്യൽ മീഡിയയിൽ പങ്കുവെയ്ക്കുകയായിരുന്നു.ജോർജ്ജ് ഫ്ളോയ്ഡിന്റെ കൊലപാതകത്തെ തുടർന്ന് വലിയ പ്രതിഷേധങ്ങൾക്കാണ് അമേരിക്ക സാക്ഷിയായത്.

## ഇറാഖിലെ ക്രൈസ്തവ ഗ്രാമത്തിൽ തുർക്കിയുടെ ബോംബാക്രമണം: അപലപിച്ച് യുഎസ് മതസ്വാതന്ത്ര്യ കമ്മീഷൻ

ബാഗ്ദാദ്: ഉത്തര ഇറാഖിൽ ക്രൈസ്തവ സാന്നിധ്യമുള്ള കർദ്ദിസ്ഥാൻ മേഖലയിലെ മിസ്പാ ഗ്രാമത്തിൽ തുർക്കി നടത്തിയ ബോംബാക്രമണത്തെ അപലപിച്ച് അമേരിക്കയിലെ മതസ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള കമ്മീഷൻ. ശക്തമായ റോക്കറ്റ് ആക്രമണത്തിൽ നിരവധി കെട്ടിടങ്ങൾക്കും പ്രദേശത്തെ ദേവാലയത്തിനും കേടുപാടു സംഭവിച്ചിരുന്നു. മേഖലയിലെ പൗരന്മാർക്ക് കൂടുതൽ അപകടങ്ങൾ സംഭവിക്കാതിരിക്കാൻ വേണ്ടി തുർക്കി സൈന്യം സംയമനം പാലിക്കണമെന്ന് യുണൈറ്റഡ് സ്റ്റേറ്റ്സ് കമ്മീഷൻ ഫോർ ഇന്റർനാഷണൽ റിലീജിയസ് ഫ്രീഡം സംഘടനയുടെ കമ്മീഷണർ പദവി വഹിക്കുന്ന നദീൻ മയിൻസ പറഞ്ഞു. മെയ് 25 നാണ് ആക്രമണം നടന്നത്. കർദ്ദിസ്ഥാനിൽ തുർക്കി നടത്തുന്ന ആക്രമണം തുടർക്കഥയായി മാറിയിരിക്കയാണ്.

നിലവിൽ മിസ്പയിൽ 8 കുടുംബങ്ങൾ മാത്രമേ അവശേഷിക്കുന്നുള്ളൂ. കഴിഞ്ഞ മാസത്തെ ആക്രമണം ഇനിയും അവശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം കുറയ്ക്കുമെന്നാണ് നിരീക്ഷിക്കപ്പെടുന്നത്. തുർക്കി അതിർത്തിയിൽ തങ്ങളുടെ അധികാരം വിപുലപ്പെടുത്താൻ ശ്രമിക്കുന്ന കർദ്ദിസ്ഥാൻ വർക്കേഴ്സ് പാർട്ടി എന്ന സംഘടനയുമായി ഏതാണ്ട് 30 വർഷത്തോളമായി തുർക്കി സംഘർഷത്തിലാണ്. എന്നാൽ അടുത്തിടെയാണ് സംഘർഷം മൂർദ്ധന്യാവസ്ഥയിൽ എത്തിയത്. തുർക്കിയുടെ ആക്രമണം മൂലം ഏതാണ്ട് 504 ഗ്രാമങ്ങളാണ് ആൾത്താമസമില്ലാതെയായി മാറിയത്. ഇതിൽ 150 അസ്സീറിയൻ ഗ്രാമങ്ങളും ഉൾപ്പെടും.



തീവ്ര ഇസ്ലാമിക ചിന്താഗതി പുലർത്തുന്ന ഏർദോഗൻ ഭരണകൂടമാണ് നിലവിൽ തുർക്കി ഭരിക്കുന്നത്. ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദ സംഘടനയുടെ കാലത്ത് വലിയ പീഢനങ്ങളാണ് ഉത്തര ഇറാഖിലെ ക്രൈസ്തവ സമൂഹം അഭിമുഖീകരിച്ചത്. പിന്നാലെ തുർക്കി ക്രൈസ്തവ ഗ്രാമങ്ങൾ ലക്ഷ്യമാക്കാൻ തുടങ്ങിയതോടുകൂടി ക്രൈസ്തവരുടെ അവസ്ഥ കൂടുതൽ ദുരിതപൂർണമാകുകയാണ്. തുർക്കിയെ അപലപിച്ച യുഎസ് കമ്മീഷന്റെ നടപടി ക്രൈസ്തവരുടെ അവസ്ഥയിലേക്ക് ആഗോള ശ്രദ്ധ ക്ഷണിക്കുമെങ്കിലും സമീപ ഭാവിയിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സാധ്യത കുറവാണെന്നാണ് നിരീക്ഷണം.






# സ്ഥലം അറിഞ്ഞ്
# വിത്ത് വിതയ്ക്കുക

പാസ്റ്റർ രാജു പൂവക്കാല.

**പു**തിയ വേലസ്ഥലത്തേയ്ക്ക് ദൈവം അയക്കുന്ന കർതൃശുശ്രൂഷകൻ ആ സ്ഥലത്തെക്കുറിച്ചുള്ള പഠനം നടത്തിയിരിക്കണം പഞ്ചായത്തിൽ നിന്നോ മുൻസിപാലിറ്റിയിൽ നിന്നോ സ്ഥലത്തിന്റെ ഒരു പഠനം കരസ്ഥമാക്കണം. പ്രധാനറോഡുകൾ, അമ്പലങ്ങൾ, മോസ്ക്ക് മറ്റ് ക്രിസ്തീയ ദേവാലയങ്ങൾ ഇവ ശ്രദ്ധയിൽപ്പെട്ടിരിക്കണം. ഓരോ സ്ഥലങ്ങളും തിങ്ങിപ്പാർക്കുന്ന ഭവനങ്ങളുടെ ഒരു ഏകദേശ ധാരണ ഉണ്ടായിരിക്കണം. നാം പ്രവർത്തിക്കുന്ന ദേശത്തുള്ള ചെറിയ സഭയുടെ മാത്രം പാസ്റ്ററല്ല. പ്രത്യുത ആ ദേശത്തെ മുഴുവൻ ജനങ്ങളുടെയും പാസ്റ്ററായി ദൈവം എന്നെ അവിടെ നിയമിച്ചിരിക്കുന്നു എന്നുള്ള ബോധ്യം ഉണ്ടായിരിക്കണം. അവിടെ സംഭവിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ നമ്മൾ അറിഞ്ഞിരിക്കേണ്ടതും നമ്മൾക്ക് ചെന്ന് സഹകരിക്കാവുന്ന കാര്യങ്ങളിൽ സഹകരിക്കുന്നതും നല്ലതാണ്. ജനങ്ങളോടുള്ള വ്യക്തിപരമായ സഹകരണവും അടുപ്പവും ആണ് അവരെ നമ്മിലേക്ക് അടുപ്പിക്കുന്നത്. ഓരോ ജാതിമത വിഭാഗങ്ങളോടും ഏതുനിലയിൽ ഇടപെടുകയും സംസാരിക്കുകയും വേണം എന്ന് ഒരു മുൻകരുതലും പഠനവും ആവശ്യമാണ്. മുള്ളിനിടയിലും, പാറപ്പുറത്തും, വഴിയരികിലും വിത്ത് വിതച്ച് നഷ്ടപ്പെടുത്താതെ ദേശത്തിലെ വിതയ്ക്കുവാൻ പാകമായ വയൽ കണ്ടെത്തുന്നതാണ് ഒരു സുവിശേഷകന്റെ കൈമുതൽ.

ഒരിക്കൽ ഒരു കമ്പനി ചെരുപ്പു നിർമ്മാണ ഫാക്ടറി തുടങ്ങുന്നതിനുവേണ്ടി പഠനം നടത്തുവാൻ അഭ്യസ്തവിദ്യനായ ഒരുവനെ ഒരു സ്ഥലത്തേയ്ക്ക് അയച്ചു. പഠനം നടത്തി അവൻ മടങ്ങി വന്നു ഇങ്ങനെ പറഞ്ഞു; നമ്മുടെ ബിസിനസ് അവിടെ വിജയിക്കില്ല. കാരണം അവിടെ ചെരിപ്പ് ഉപയോഗിക്കുന്ന ആളുകൾ ആരും ഇല്ല. കമ്പനി അവനെ തിരിച്ച് വിളിച്ച് മറ്റൊരുവനെ അയച്ചു അദ്ദേഹം റിപ്പോർട്ട് ഇങ്ങനെ നൽകി. നമ്മുടെ കമ്പനിയ്ക്ക് അവിടെ നല്ല ബിസിനസ്സ് കിട്ടും. കാരണം അവിടെ ആരും ചെരുപ്പ് ഉപയോഗിക്കാത്തതുകൊണ്ട് അത് ഇടുവാൻ അവരെ പഠിപ്പിച്ചാൽ മതി. വൻവിജയം ആയിതീരും. രണ്ടാമന്റെ റിപ്പോർട്ടിൽ കമ്പനി വൻ വിജയം നേടി. പലരും പുതിയ സ്ഥലങ്ങളിൽ ചെന്നിട്ട് അവിടെ വൻ യെരിഹോകോട്ട ആണെന്ന് പറഞ്ഞു പിന്മാറിപ്പോരുന്നു. വിശ്വാസത്താൽ അതു ചുറ്റുവാനുള്ള ത്രാണി അവർക്കില്ല. അനാക്യമല്ലന്മാരെ കണ്ട് ഭൂരിപക്ഷം പേരും പിൻതിരിയുമ്പോൾ നമ്മുടെ ദൈവത്താൽ അവരെ കീഴടക്കുവാൻ നമുക്കു കഴിയും എന്നുള്ള വിശ്വാസത്തിന്റെ വാക്കുകൾ പറയുന്ന യോശുവായും കാലേബും ആണ് കനാൻനാട് കൈവശപ്പെടുത്തുന്നത്. എന്റെ ദൈവമാണ് എന്നെ ഈ സ്ഥലത്തേയ്ക്ക് അയച്ചിരിക്കുന്നത് എന്നുള്ള ഉത്തമ ബോധ്യവും ഉറപ്പുമുള്ള ഒരു സുവിശേഷകൻ അസാദ്ധ്യങ്ങളുടെ നടുവിലും സാധ്യതകൾ കണ്ടെത്തും.

സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ലാത്ത ഒരു സുവിശേഷകൻ എവിടെയും വിജയിക്കും. നമ്മുടെ ആത്യന്തികമായ ലക്ഷ്യം ആത്മാക്കളുടെ വിടുതൽ ആയിരിക്കണം. ബാക്കി എല്ലാം പിൻതള്ളി ആത്മാക്കളുടെ വിടുതലിനുവേണ്ടി അത്യുത്സാഹത്തോടെ പ്രവർത്തിച്ചാൽ ഫലം തീർച്ചയായും ഉണ്ടാകും. പൗലോസ് പറയുന്നു സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല(റോമ 1:16) പൗലോസ് ഫിലിപ്യയിൽ ജയിലിൽ അടയ്ക്കപ്പെട്ടു. തെസലോനിക്യയിൽ നിന്നും ആട്ടിയോടിക്കപ്പെട്ടു., അടയ്ക്കപ്പെട്ടു, തെസലോനിക്യയിൽ നിന്നും ആട്ടിഓടിക്കപ്പെട്ടു. ബരോവയിൽ നിന്നും ഒളിച്ചുകടത്തപ്പെട്ടു,അഥേനയിൽ പരിഹസിക്കപ്പെട്ടു, കൊരിന്തിൽ തന്റെ സന്ദേശം യെഹൂദന്മാർക്ക് ഇടർച്ചയും യവന്മാർക്ക് ഭോഷത്വവും ആയിരുന്നു. എന്നിട്ടും പൗലോസ് പറയുന്നു എനിക്ക് സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല. സുവിശേഷം നിമിത്തമുള്ള കഷ്ടനഷ്ടത്തെക്കുറിച്ചോ ചങ്ങലയെക്കുറിച്ചോ അവൻ ലജ്ജിക്കാതിരുന്നു നാമോ നിസ്സാരകാര്യങ്ങളുടെ പേരിൽ നിഷ്ക്രീയരായി ത്തീരുന്നു എന്നുള്ളത് എത്ര ലജ്ജാകരമായ കാര്യമാണ് ലാഭമായിരുന്നതൊക്കെയും ചേതം എന്ന് എണ്ണുകയും ചപ്പുംചവറുമായി കാണുകയും ചെയ്യുന്ന ഒരുവന് മാത്രമെ ലജ്ജയില്ലാത്ത സുവിശേഷം പറഞ്ഞ് ആത്മാക്കളെ നേടുവാൻ കഴിയുകയുള്ളൂ.

ദൈവം ഒരു ശുശ്രൂഷകനെ ഒരു സ്ഥലത്തേക്കയച്ചാൽ തന്റെ പ്രവർത്തന മേഖലയിൽ അറിയാത്ത ഒരു ഭവനം ഉണ്ടായിരിക്കുവാൻ പാടില്ല. നിരാശയുടെയും നിരുത്സാഹപ്പെടുത്തലുകളുടെയും വാക്കുകൾ നമുക്ക് ചുറ്റും ഉണ്ടായിരിക്കും. എന്നാൽ ദൈവം ദർശനം നൽകി എങ്കിൽ തീർച്ചയായും ലക്ഷ്യസ്ഥാനത്ത് എത്തിയിരിക്കും ഞാൻ തിരുവല്ലായിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ നിരുത്സാഹത്തിന്റെ അനവധി വാക്കുകൾ കേട്ടു. എന്നാൽ വ്യക്തമായ ദർശനവും, ദൈവത്തിന്റെ കൃപാകടാക്ഷവും, വിശ്വാസികളുടെ ഐക്യതയും ഒത്തുചേർന്നപ്പോൾ അത് ആത്മാക്കളുടെ ഉറവയായി മാറി. നിരാശപ്പെടുത്തുന്ന ആയിരംപേർ ചുറ്റും ഉണ്ടെങ്കിലും ദൈവം അനുകൂലം എങ്കിൽ നാം ഭയപ്പെടേണ്ട കാര്യം ഇല്ല. ദൈവത്താൽ എല്ലാം

THE ENDTIME NEWS





# സക്കായിയേ
# വേഗം ഇറങ്ങി വരൂ



**ബാബു ജോർജ്ജ്**
പത്താനുപുരം

**ക്രി**സ്തുവിന്റെ ഐഹിക ശുശ്രൂഷയിൽ നടന്ന സംഭവങ്ങളിൽ സവിശേഷ ശ്രദ്ധയാകർഷിക്കുന്നതാണ് സക്കായിയുടേത്. പാപിയായ ഒരു മനുഷ്യനോടുള്ള യേശുവിന്റെ മനോഭാവം പ്രകടമാക്കുന്നതാണീ സംഭവം. ലൂക്കോസ് 19:1-10 ൽ രേഖപ്പെടുത്തിയിട്ടുള്ള ആ സുപരിചിത വേദഭാഗത്തെക്കുറിച്ചുള്ള ഒരു ധ്യാനപഠനമാണ് ഈ അദ്ധ്യായത്തിൽ

1. യേശു എങ്ങനെയുള്ളവൻ എന്നു കാണ്മാൻ ശ്രമിച്ചു.

യെരിഹോ പട്ടണത്തിലെ ചുങ്കക്കാരിൽ പ്രമുഖനായ സഖായിക്ക് യേശുവിനെ നേരിട്ടൊന്ന് കാണാനാഗ്രഹം യേശുവിനെ ഒന്നു കണ്ടരിയാൻ സഖായിയെ പ്രേരിപ്പിച്ചതായി അനുമാനിക്കുന്ന മൂന്നു കാര്യങ്ങളുണ്ട്.

1. യേശു പറഞ്ഞ ഉപമ: ലൂക്കോസ് 18:9 -14 ൽ വിവരിച്ചിരിക്കുന്ന ചുങ്കക്കാരന്റെയും പരീശന്റെയും ഉപമ ഇവനും അറിഞ്ഞിരിക്കാം. പാപിയായ എന്നോടു കരുണ തോന്നേണമേ എന്ന് അനുതപിച്ച് ചുങ്കക്കാരൻ ദൈവത്താൽ നീതീകരിക്കപ്പെട്ടവനായി എന്ന് യേശു പ്രസ്താവിച്ചു. തന്നെത്താൻ താഴ്ത്തുന്നവനെയും ചുങ്കക്കാരനെയും ദൈവം സ്നേഹിക്കുന്നു എന്നവൻ അറിഞ്ഞിരിക്കുന്നു.

2.ബർതിമായിയുടെ കാഴ്ച പ്രാപിക്കൽ: സഖായി യേശുവിനെ കാണുന്നതിനു തൊട്ടു മുൻപ് യെരിഹോ പട്ടണത്തിലെതന്നെ ബർതിമായി എന്ന് കുരുടനായ ഭിക്ഷക്കാരന് യേശു അത്ഭുതകരമായി കാഴ്ച നൽകിയ വാർത്ത കാട്ടുതീപോലെ അവിടെയെല്ലാം പ്രചരിക്കപ്പെട്ടിരിക്കണം (ലൂക്കോസ് 18:35 - 43)(മർക്കോസ് 10:46-52) യേശുവേ എന്നോട് കരുണ തോന്നേണമേ എന്ന് നിലവിളിച്ചു. ബർതിമായിയെ യേശുവിനോട് കൂടെ നടക്കുന്നവർ മിണ്ടാതിരിപ്പാൻ ശാസിച്ചു. യേശുവെ ഈ ഭിക്ഷക്കാരനോട് സ്നേഹവും അനുതാപവും കാട്ടി. അവനെ വിളിപ്പിച്ചു, കാഴ്ച നൽകി. ഈ അത്ഭുത സംഭവമറിഞ്ഞ യെരിഹോവിലെ ചുങ്കപ്രമാണിയായ സക്കായിക്ക് ഒരാഗ്രഹം അതുകൊണ്ടു സക്കായി യേശു എങ്ങനെയുള്ളവൻ എന്ന് കാണ്മാൻ ശ്രമിച്ചു.

3.ചുങ്കക്കാരനെ ശിഷ്യനാക്കിയത്: സക്കായിയെപ്പോലെ ചുങ്കം പിരിച്ചിരുന്ന ലേവിയെ (മത്തായിയെ)യേശു തന്റെ ശിഷ്യനാക്കിയിരുന്നുവല്ലോ(ലൂക്കോ5:27-32) ലേവി തന്റെ ജോലി പോലും ഉപേക്ഷിച്ചിട്ടു യേശുവിനെ അനുഗമിച്ചു. സമൂഹം വെറുത്തിരുന്നചുങ്കക്കാരെയും ശിഷ്യനാക്കുന്ന ക്രിസ്തുവിനെപ്പറ്റി ഈ ചുങ്കപ്രമാണി അറിഞ്ഞിരുന്നു.

ചുങ്കക്കാരെ മഹാപാപികളായിട്ടാണ് അന്നു ഗണിച്ചിരുന്നത്(മത്തായി5:46, 18:17,21:31, ലൂക്കോസ്15:21) ലേവി എന്ന മഹാ പാപിയെപ്പോലും സ്നേഹിക്കാനും ശിഷ്യനാക്കാനും സൻമനസ്സും സ്വാധീനതയും പ്രകടിപ്പിച്ച ഈ യേശു ആരെന്നു കാണാൻ സക്കായി ആഗ്രഹിച്ചു. യേശുവിനെക്കുറിച്ച് ഈ കേൾക്കുന്നതൊക്കെ ശരിയാണോ എന്നു പരിശോധിക്കാൻ സക്കായി തയ്യാറായി. ശ്രമിച്ചു ഇന്നു പലരും ശ്രമിക്കാത്ത ഒരു കാര്യമാണ് സക്കായി ചെയ്തത്. അതു പിന്നീടവനു ഗുണമായി. യേശുവിന്റെ നിസ്തുല വ്യക്തിത്വം ആരെയും ആകർഷിക്കുന്നതാണ്.(യോഹന്നാൻ7:46).

യേശുവിനെ കാണാൻ സക്കായിക്ക് അതിയായ ആഗ്രഹം ഉണ്ട്. പക്ഷേ രണ്ട് തടസ്സം ഒന്ന് സക്കായിക്ക് ഉയരം കുറവാണ്.... ആളിൽ കുറിയവനാണ്. രണ്ട് യേശുവിനോട് കൂടെ നടക്കുന്ന പുരുഷാരം നിമിത്തംകഴിഞ്ഞില്ല. ഇതിൽ സക്കായിയുടെ ഭാഗത്തുള്ള കുറവ്, മനുഷ്യന് സ്വയമായി കർത്താവിനെ സ്വീകരിക്കാനാവില്ല എന്ന സത്യത്തെയും, പുരുഷാരം നിമിത്തം കഴിഞ്ഞില്ല എന്നത്,

തുടർച്ച 07 പേജിൽ

തുടർച്ച 08 പേജിൽ

ക്രൈസ്തവർ എന്നു പ്രശംസിക്കുന്നവർ പോലും ക്രിസ്തുവിനെ കാണാൻ നമുക്കു തടസ്സമായേക്കാംഎന്നതിനെയും സൂചിപ്പിക്കുന്നു. എങ്കിലും ക്രിസ്തുവിങ്കലേക്കു ചെല്ലാനുള്ള ഒരു ആഗ്രഹവും ആകർഷണവും ദൈവം എല്ലാ മനുഷ്യരിലും കൊടുത്തിട്ടുണ്ട്.

സക്കായി എന്താണു ചെയ്തത്?

അവൻ മുമ്പോട്ടു ഓടി. യേശുവിനെ കാണേണ്ടതിന് ഒരു കാട്ടത്തിമരത്തിൽ കയറി. തടസ്സങ്ങളെ അതിജീവിക്കുന്ന ആഗ്രഹമായിരുന്നു സക്കായിയുടേത്. സ്വന്തം പോരായ്മകളോ, മറ്റുള്ളവരിൽ നിന്നുള്ള തടസ്സങ്ങളെയോ അവൻ വക വച്ചില്ല. ഇന്നു പലരും തടസങ്ങളെയാണ് കാണുന്നത്.അവരതെപ്പറ്റി വാതോരാതെ പറയുന്നു ഫലമോ നിരാശ! എന്നാലെങ്ങനെ അതിനെ അതിജീവിക്കാമെന്നവർ ചിന്തിക്കുന്നതേയില്ല. പരിശ്രമിക്കുന്നില്ല, തടസങ്ങളെ കണ്ടു മടിച്ചുനിൽക്കരുത്. മുമ്പോട്ട് ഓടൂ(പുറ14:15, യോശു3:15, എബ്രാ12:1) ആഗ്രഹിക്കുന്നവന് വഴിയുണ്ട്. വഴിയരികിൽ പരിഹാരിയായൊരു മരവുമുണ്ട്.ആഗ്രഹിക്കയും പരിശ്രമിക്കയും ചെയ്യുന്നവരെ തൃപ്തിപ്പെടുത്തുന്നവനാണു ദൈവം (സങ്കീ12:5, ലൂക്കോസ് 1:53, യാക്കോ:4:8)

2. ഞാൻ ഇന്ന്നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു.

യേശു അതുവഴി വരികയായിരുന്നു. സക്കായി ഇരുന്നിരുന്ന മരച്ചുവട്ടിലെത്തിയപ്പോൾ പെട്ടെന്ന് മേൽപ്പോട്ടു നോക്കി ഉറക്കെ വിളിച്ചു...സക്കായിയെ വേഗം ഇറങ്ങി വാ, ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു. യേശു എങ്ങനെയുള്ളവൻ എന്നു യേശു വ്യക്തമായി കണ്ടു.എന്റെ നിരൂപണം നീ ദൂരത്തു നിന്നുഗ്രഹിക്കുന്നു(സങ്കീ139:2) അവനു മറഞ്ഞിരിക്കുന്നത് ഒന്നുമില്ല(എബ്രാ4:13)യേശുവിന്റെ സർവ്വജ്ഞാനമാണിതു വെളിവാക്കുന്നത്. സക്കായിയുടെ പേര് യേശുവിനറിയാമായിരുന്നു. തനിക്കുള്ളവരെ അവൻ പേരു ചൊല്ലി വിളിക്കുന്നു(യോഹ10:3).

പശ്ചാത്തലമറിഞ്ഞ് ഇടപെടുന്നവനാണു ക്രിസ്തു. യേശുവിനെ കാണാൻ ഇവനു ആഗ്രഹമുണ്ടെന്നും, ആളിൽ കുറിയവനായതുകൊണ്ടാണ് മരത്തിൽ കയറിയതെന്നും യേശു അറിഞ്ഞു. സക്കായിക്ക് ചില മാനസ്സിക പ്രശ്നങ്ങൾ ഉണ്ടായിരുന്നു - ആളിൽ കുറിയവനാണെന്ന അപകർഷതാബോധം . ചുങ്കക്കാരനായാൽ ജനം അവനെ വെറുത്തിരുന്നു. ആത്മാർത്ഥ സ്നേഹമോ സ്നേഹിതനെയോ അവൻ കണ്ടിട്ടില്ല. അനുഭവിച്ചിട്ടില്ല . എന്നാൽ യേശു അവനെയും ഹൃദയംഗമായി സ്നേഹിച്ചു. യേശുവിനെ ഒന്നു കാണണം അത്രമാത്രമെ അവനാഗ്രഹമുള്ളൂ. അതിനപ്പുറം ചിന്തിക്കാൻപോലും അവനു കഴിയുമായിരുന്നില്ല. മഹാപാപിയായ എന്നോടു സംസാരിക്കാൻപോലും പരിശുദ്ധനായ ക്രിസ്തു തയ്യാറാകില്ല എന്നായിരുന്നു സക്കായിയുടെ നിഗമനം. എന്നാൽ യേശു പറഞ്ഞതെന്താണ്? ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു(എഫെ3:20) എത്ര തീർച്ചയോടും തൃപ്തിയോടുമാണ് യേശു പറഞ്ഞത് . മറ്റാരുമല്ല - ഞാൻ തന്നെ , മറ്റൊരിക്കലല്ല- ഇന്നു തന്നെ മറ്റൊരിടത്തല്ല - നിന്റെ വീട്ടിൽ തന്നെ , വരിക മാത്രമല്ല - പാർക്കേണ്ടതാകുന്നു. ഹാ! എന്തൊരു സ്നേഹം, എന്തൊരു കരുതൽ.

ഒരു യഥാർത്ഥ പാപിയുടെ ചിത്രമാണ് സക്കായിയുടേത്. അവൻ പാർത്തിരുന്ന യെരിഹോ, ശപിക്കപ്പെട്ടതും, കള്ളൻമാരുടെ ഗുഹയുമായിരുന്നു(യോശുവ6:26, ലൂക്കോസ്10:30) പാപിയായ ആദാം മരത്തിനു മറഞ്ഞിരുന്നതുപോലെ സക്കായിയും മരത്തിൽ ഒളിച്ചിരുന്നു(ഉൽപ്പത്തി3:8,9) ക്രിസ്തുവിലൂടെ മാത്രമെ നമ്മുടെ പാപവും ശാപവും മരണഭയവുമെല്ലാം നീങ്ങിപ്പോകൂ( അപ്പോ4:12, മത്താ1:21) യേശു അതുവഴിയായി വരികയായിരുന്നു എന്നത് , കാണാതെ പോയ പാപിയെ തേടി തെരഞ്ഞു ചെല്ലുകയായിരുന്നു എന്നും മനസ്സിലാക്കാം(ലൂക്കോസ് 19:4-10, 1തിമോ1:15) ഏതൊരു മഹാപാപിയെയും രൂപാന്തരപ്പെടുന്ന ക്രിസ്തുവിന്റെ അളവറ്റ കൃപയുടെ മകുടോദാഹരണമാണ് സക്കായിയുടെ ജീവിതം യേശു ക്രിസ്തു സ്നേഹിക്കാത്ത പാപിയില്ല. യേശു ക്ഷമിക്കാത്ത പാപവുമില്ല.

സക്കായിയെ വേഗം ഇറങ്ങിവാ പേരു ചൊല്ലി വിളിക്കുന്ന യേശുവിന്റെ സ്നേഹം ഇറങ്ങിവരാൻ കൂടെ ആഹ്വാനം ചെയ്യുന്നതാണ്. പെട്ടെന്നാകട്ടെ, സമയം പോകുന്നു. താമസിപ്പിക്കരുതേ എന്നും ധ്വനി (2കൊരി6:2,3 എബ്രാ4:7) യേശു ഏവരെയും വിളിക്കുന്നു(മത്താ11:28-30). എല്ലാവരും ആ വിളി കേൾക്കുന്നുമുണ്ട്. പക്ഷേ ആ ദൈവ വിളിയോടുള്ള മനുഷ്യന്റെ പ്രതികരണമനുസരിച്ചാണ് അനുഗ്രഹം. യേശുവിന്റെ വിളി കേട്ടപ്പോൾ സക്കായി ചെയ്ത മൂന്നു പ്രതികരണങ്ങൾ നാമും പഠിക്കേണ്ടതും പ്രായോഗികമാക്കേണ്ടതുമാണ്.

1.ബദ്ധപ്പെട്ടിറങ്ങി: ബദ്ധപ്പാടു കൂടാതെ ആർക്കും കർത്താവിങ്കലേക്കു വരാൻ സാദ്ധ്യമല്ല. കാട്ടത്തിയിരുന്ന സക്കായിയെപ്പോലെ മനുഷ്യൻ ഇന്ന് ഓരോരോ സുഖസൗകര്യങ്ങളിൽ പറ്റിപ്പിടിച്ചിരിക്കയാണ്. ഇങ്ങനെയൊക്കെ അങ്ങു പോകാമെന്നാണ്, ഉള്ളിലിരുപ്പ്. യേശുവിനെ കാണണം, എന്നാലേശു എന്നെ കാണരുത് എന്നാണു ചിന്ത. എന്നാൽ യേശു വിളിക്കുന്നത് വ്യക്തിപരമായിട്ടാണ്, അരികിലേക്കാണ്, ഇറങ്ങിവരാനാണ്, സഹവസിക്കാനാണ്, അതൽപ്പം പ്രയാസമാണ്. ബദ്ധപ്പാടോടെ ഇറങ്ങി വന്ന സക്കായിക്ക് ക്രിസ്തുവിൽ ഒരു പുതുപുത്തൻ അനുഭവം ലഭ്യമായി.

2.സന്തോഷത്തോടെ കൈകൊണ്ടു: യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ ദൈവം അധികാരം കൊടുത്തു എന്ന തിരുവചനം സക്കായിയിൽ നിറവേറി(യോഹ1:12) അപ്പോൾ ഒരു സന്തോഷം ലോകം അഭൗമ സന്തോഷം - സക്കായി അനുഭവിച്ചു! തന്നെയുമല്ല വിശ്വാസത്താലുള്ള നീതീകരണം സംബന്ധിച്ച് അബ്രഹാമിന്റെ മകനെന്ന അവസ്ഥയിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു.( ലൂക്കോസ് 19:9, ഗലാ3:7, റോമ4:11).

4..മാനസാന്തരത്തിനു യോഗ്യമായ ഫലം വെളിപ്പെടുത്തി: സക്കായിയോ നിന്നു കർത്താവിനോടു....വല്ലതും ചതിവിനായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലു മടങ്ങു മടക്കിക്കൊടുക്കുന്നു. റോമാ ഗവൺമെന്റിൽ നിന്നും കരം പിരിവിനുള്ള അവകാശം ലേലം ചെയ്തെടുത്തിട്ട് ജനത്തിൽ നിന്നു വളരെ അന്യായമായി ചുങ്കക്കാർ പിരിവു നടത്തിയിരുന്നു. വ്യക്തി നികുതി, ഭൂനികുതി, വിൽപ്പന നികുതി, കയറ്റിറക്കുനികുതി.....ഇങ്ങനെ പല പേരിൽ ജനത്തെ ഞെക്കിപ്പിഴിയുന്ന ഇക്കൂട്ടർ ദൈവത്തിന്റെയും മനുഷ്യന്റെയും മുമ്പിൽ തെറ്റുകാർ തന്നെ. ന്യായപ്രമാണപ്രകാരം മോഷണ വസ്തു തൊണ്ടി സഹിതം പിടിക്കപ്പെട്ടാൽ ഇരട്ടി കൊടുക്കണം. ചതിവായി വാങ്ങിച്ചാൽ അഞ്ചിലൊന്നു കൂടെകൊടുക്കണം. എന്നാൽ അക്രമത്തിലൂടെ അപഹരിച്ചതിനു മാത്രം നാലിരട്ടി മടക്കിക്കൊടുക്കണം എന്നാണു വ്യവസ്ഥ (സംഖ്യ 5:6,7 പുറ22:1, 4:7) പ്രമാണം അറിയുമെങ്കിലും സക്കായി അതു പ്രയോഗികമാക്കിയത് യേശുവിനെ നേരിൽ കണ്ടപ്പോഴാണ്! സക്കായി അനേകരെ കണ്ടിട്ടുണ്ട്. അപ്പോഴൊന്നും കുറ്റബോധമുണ്ടായതായോ ചെയ്തുപോയ തെറ്റുകൾ ഏറ്റു പറഞ്ഞതായോ തെളിവില്ല. യേശുവിനെ കണ്ടപ്പോഴാകട്ടെ കുറ്റബോധമവനെ അലട്ടി. പശ്ചാത്താപമുള്ളവനാക്കി ആ പരിശുദ്ധനോടു പാപമെല്ലാം ഏറ്റു പറഞ്ഞു അനുഗ്രഹം ഏറ്റു വാങ്ങി. തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവനു ശുഭം വരികയില്ല, അവയെ ഏറ്റു പറഞ്ഞു ഉപേക്ഷിക്കുന്നവനോ കർത്താവിന്റെ കരുണ ലഭിക്കും (സദൃ28:13).

അന്യായമായി വാങ്ങിയത് തിരിച്ചു കൊടുക്കുന്നു - മാനസാന്തരത്തിനു യോഗ്യമായ ഫലമാണിത്. പ്രയശ്ചിത്തം, നിരപ്പു പ്രാപിക്കൽ, ജീവിത ക്രമീകരണം ഒക്കെ സക്കായിയിലുണ്ടായി. ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴതു കഴിഞ്ഞുപോയി. ഇതാ അതു പുതുയായി തീർന്നിരിക്കുന്നു(2കൊരി5:17, ലൂക്കോ3:8). ദ്രവ്യാഗ്രഹി ഇപ്പോൾ ദാനശീലനായി. ക്രിസ്തുവിലൂടെയുള്ള രക്ഷയ്ക്കും സന്തോഷത്തിനും വിഘ്ലാതമായതെല്ലാം മാറ്റാനവൻ തയ്യാറായി. ക്രിസ്തുവിന്റെ സ്നേഹം മനുഷ്യരെ ഉത്തമൻമാരാക്കുന്നു.

theendtimenews.com




Available on the iPhone App Store
ANDROID APP ON Google play






പാസ്റ്റർ ബി മോനച്ചൻ
കായംകുളം.

# ഇന്നു ഈ വീടിനു രക്ഷ വന്നിരിക്കുന്നു.

**യേ**ശു സക്കായിയുടെ വീട്ടിലേക്കു പോയി. കണ്ടവർ എല്ലാം അവൻ പാപിയായൊരു മനുഷ്യനോടു കൂടെ പാർപ്പാൻ പോയി എന്നു പറഞ്ഞു പിറുപിറുത്തു മുമ്പ് സക്കായിക്ക് യേശുവിനെ കാണുന്നതിനു തടസ്സമായി നിന്ന അതേ പുരുഷാരം ഇപ്പോൾ പിറുപിറുക്കുന്നു! അവർ പിറുപിറുക്കട്ടെ. അതാണു ലോകമെന്നാശ്വസിക്കാം. പിറുപിറുത്തവർക്ക് എന്തു കിട്ടി? യേശുവിൽ നിന്നു ശാസന. യേശുവിനെ സ്വീകരിച്ച സക്കായിക്കോ, ദാനമായയി ആത്മരക്ഷ. ഒരുവൻ ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുമ്പോൾ ലോകം പരിഹസിച്ചില്ലെങ്കിലേ അതിശയിക്കേണ്ടതുള്ളൂ. ജനം പാപിയെന്നു മുദ്രകുത്തി, യേശുവോ, ദൈവപൈതലെന്നു പ്രഖ്യാപിച്ചു.

ഇവനും അബ്രഹാമിന്റെ മകൻ ആകയാൽ ഇന്നു ഈ വീടിനു രക്ഷ വന്നു. സക്കായി ഒരു യഹൂദനാണ്. എങ്കിലും ചുങ്കക്കാരും പാപികളും നിത്യജീവന്(രക്ഷയ്ക്ക്) അർഹരല്ല എന്നായിരുന്നു പരീശന്മാരുടെ ചിന്ത. എന്നാൽ യേശു പറഞ്ഞു....പാപികളെ മാനസാന്തരത്തിനു വിളിപ്പാൻ അത്രെ ഞാൻ വന്നിരിക്കുന്നത്(ലൂക്കോസ്5:27-32) പണവും പ്രമാണിത്വവും സർക്കാരുദ്യോഗവും സ്വാധീനവുമൊക്കെയുണ്ടെങ്കിലും ഇല്ലാത്ത ഒന്നുണ്ട്. ആത്മരക്ഷ അതു നൽകാൻ ക്രിസ്തുവിന് മാത്രമെ സാധിക്കൂ.അബ്രഹാമിന്റെ വിശ്വാസവും അതിന്റെ പ്രവർത്തിയും സക്കായിയിൽ പ്രകടമായി. അപ്പോൾ അവനു രക്ഷ കൈവന്നു(ഗലാത്യ3:9-29, യാക്കോ2:22) അബ്രഹാമിന്റെ മക്കളാണു ഞങ്ങളെന്നു പാരമ്പര്യത്തിന്റെ ഊറ്റം കൊള്ളുന്നവർക്കല്ല; ആത്മാർത്ഥമായ അനുതാപമുള്ളവർക്കാണ് അബ്രഹാമ്യ അനുഗ്രഹം ലഭ്യമാകുന്നത് എന്നു യേശു തെളിയിച്ചു(ലൂക്കോ3:8, യോഹ8:89). തന്റെ ആഗമനത്തിന്റെയും പ്രവൃത്തിയുടെയും ആകെ അന്ത:സത്ത വെളിപ്പെടുത്തിയ ഒരു ആപ്തവാക്യം കൂടെ യേശു പറഞ്ഞു: കാണാതെ പോയതിനെ തെരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു( ലൂക്കോ19:10, എബ്രാ2:16).

അവസ്ഥയ്ക്ക് ഒത്തല്ല, വ്യവസ്ഥയ്ക്കൊത്ത് ആരാധിക്കുക.

ഇന്ന് ബഹുശതം ആളുകളും തങ്ങളുടെ അവസ്ഥയ്ക്ക് ദൈവത്തെ ആരാധിക്കുന്നവരാണ്. എന്നാൽ നാം നമ്മുടെ അവസ്ഥയ്ക്കൊത്തല്ല, മറിച്ച് അവന്റെ വ്യവസ്ഥയ്ക്കൊത്താണ് ദൈവത്തെ ആരാധിക്കേണ്ടത്. ദൈവം വ്യവസ്ഥയിൽ പ്രവർത്തിക്കുന്നു. ആദ്യമാതാപിതാക്കളുടെ ആദ്യസന്താനങ്ങളായ കയീൻ ഹാബേൽമാരുടെ ആരാധനയിൽ, ഹാബേലിന്റെ വഴിപാടിൽ ദൈവം പ്രസാദിച്ചു. കയീന്റെ വഴിപാട് ദൈവം നിരസിച്ചു. കാരണം, ഹാബേൽ ദൈവ വ്യവസ്ഥയ്ക്കൊത്ത് അവനെ ആരാധിച്ചപ്പോൾ, കയീൻ വ്യവസ്ഥ തെറ്റിച്ച് അവന്റെ അവസ്ഥയ്ക്കൊത്ത് ആരാധിച്ചു. രക്തച്ചൊരിച്ചിലോടുകൂടിയ പഴയനിയമ യാഗത്തിന് ബദലായി

09 –ാം പേജ് തുടർച്ച






https://youtu.be/jeiZJ4gV9Bg

09 –ാം പേജ് തുടർച്ച

കായ്കനികളുമായി അവൻ ദൈവത്തെ പ്രസാദിപ്പിക്കാൻ എത്തി. അതിൽ ദൈവം പ്രസാദിച്ചില്ലെന്ന് മാത്രമല്ല തൻ നിമിത്തം കയീൻ അക്രമാസക്തനും കൊലപാതകനും ഒടുവിൽ ദൈവസന്നിധാനം വിട്ട് ഓടിയകലുന്നവനുമായി മാറി.

അബ്രഹാമിനോട് തന്റെ ഏകജാതനെ യാഗം കഴിപ്പാൻ ദൈവം കൽപ്പിച്ചപ്പോൾ മൂന്ന് ദിവസത്തെ വഴിദൂരം പോയി മോറിയാമലയിൽ ആരാധന കഴിപ്പാൻ കൽപ്പിക്കുന്നു. അബ്രഹാമിന്റെ വീട്ടുമുറ്റത്തുതന്നെ ഒരു യാഗപീഠം കെട്ടി അവിടെ യാഗാർപ്പണം നടത്തിയാൽ എന്താണ് തെറ്റെന്ന് നമുക്കു തോന്നാം. അബ്രഹാമിനു വേണമെങ്കിൽ ദൈവത്തോട് അതിന് അനുവാദം ചോദിക്കാം. എന്നാൽ മൂന്ന് അല്ല മുപ്പതു ദിവസം വഴി ദൂരെപോയി അവനെ ആരാധിക്കണെമെന്നായിരുന്നു ദൈവകൽപ്പനയെങ്കിൽ അബ്രഹാം അതിനും തയ്യാറായിരുന്നു. കാരണം, അവന്റെ അവസ്ഥയ്ക്കൊത്തല്ല, ദൈവവ്യവസ്ഥയ്ക്ക് അനുസരിച്ചാണ് അവനെ ആരാധിക്കേണ്ടതെന്ന് അബ്രഹാമിന് അറിയാമായിരുന്നു.

മിസ്രയീമ്യ അടിമത്തത്തിൽ നിന്ന് യിസ്രായേൽ മക്കളെ ഉദ്ധരിപ്പാൻ ഇറങ്ങിവന്ന ദൈവം, തന്റെ ദാസനായ മോശയിലൂടെ ഫറവോനോടു കൽപ്പിച്ചത്. മരുഭൂമിയിൽ എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയക്ക എന്നായിരുന്നു(പുറ5:1) വ്യവസ്ഥ തെറ്റിച്ചുള്ള ആരാധന നിമിത്തം ദൈവ ശിക്ഷ ഏറ്റുവാങ്ങിയ പലരെക്കുറിച്ചും തിരുവചനം പറയുന്നു. മഹാപുരോഹിതനായ അഹരോന്റെ പുത്രന്മാരായ നാദാബും അബീഹൂവും ഒരു ധൂപകലശം എടുത്ത് അതിൽ തീയിട്ട് അതിന്മേൽ ധൂപവർഗ്ഗമിട്ട് തങ്ങളോട് കൽപ്പിച്ചതല്ലാതെ അന്യാഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടു വന്നു. ഉടനെ യഹോവയുടെ സന്നിധിയിൽ നിന്ന് തീ പുറപ്പെട്ട് അവരെ ദഹിപ്പിച്ചു കളഞ്ഞു. അവർ യഹോവയുടെ സന്നിധിയിൽ മരിച്ചുപോയി (ലേവ്യ10:1). ഇവിടെ അഹരോന്റെ പുത്രന്മാരാണെന്നതുകൊണ്ട് വ്യവസ്ഥ തെറ്റിച്ചുള്ള ആരാധനയിൽ ദൈവം പ്രസാദിച്ചില്ല. അവിടെ ശിക്ഷയുടെ കരം വെളിപ്പെടുത്തുന്നു.

ഒരിക്കൽ ദാവീദിനു പറ്റിയൊരബദ്ധം കാരണം യഹോവയുടെ പെട്ടകം ഹിത്യനായ ഓബേദ് ഏദോമിന്റെ വീട്ടിൽ മൂന്നു മാസം ഇരുന്നു. യഹോവ ഓബേദ് ഏദോമിനെയും അവന്റെ കുടുംബത്തെയൊക്കെയും അനുഗ്രഹിച്ചു. ദൈവത്തിന്റെ പെട്ടകം നിമിത്തം യഹോവ ഓബേദ് ഏദോമിന്റെ കുടുംബത്തെയും അവനുള്ള സകലത്തെയും അനുഗ്രഹിച്ചുവെന്ന് ദാവീദ് രാജാവിന് അറിവു കിട്ടിയപ്പോൾ ദാവീദ് പുറപ്പെട്ട് ദൈവത്തിന്റെ പെട്ടകം ഓബേദ് ഏദോമിന്റെ വീട്ടിൽ നിന്ന് ദാവീദിന്റെ നഗരത്തിലേക്ക് സന്തോഷത്തോടെ കൊണ്ടു വന്നു. (2ശമു6:13) ദൈവമക്കൾ അനുഗ്രഹിക്കപ്പെടുന്നതുകാണുമ്പോഴാണ് മറ്റു പലർക്കും ഈ പെട്ടകം എടുക്കണമെന്നു തോന്നുന്നത്.

പെട്ടകം തന്റെ പട്ടണത്തിലേക്ക് കൊണ്ടു വരണമെന്നത് ദാവീദിന്റെ നല്ല ആഗ്രഹമായിരുന്നെങ്കിലും അതിനായി സ്വീകരിച്ച മാർഗ്ഗം തെറ്റായിരുന്നു. ജീവനുള്ള ദൈവത്തിന്റെ പെട്ടകം ബാലേ- യെഹൂദയിൽ നിന്നു കൊണ്ടു വരേണ്ടതിന് അവൻ യിസ്രായേലിൽ നിന്ന് സകല വിരുതന്മാരുമായി മുപ്പതിനായിരം പേരെകൂട്ടിവരുത്തി. അവർ ദൈവത്തിന്റെ പെട്ടകം പുതിയ വണ്ടിയിൽ കയറ്റി കുന്നിന്മേലുള്ള അബീനാദാബിന്റെ വീട്ടിൽ നിന്ന് കൊണ്ടു വന്നു. അബീനാദാബിന്റെ പുത്രന്മാരായ ഉസ്സയും അഹ്യോവും ആയിരുന്നു ഡ്രൈവിംങ് സീറ്റിൽ. വീട്ടിൽ പെട്ടകം ഇരുന്നിരുന്നു എന്ന പഴമയും പാരമ്പര്യവുമായിരിക്കാം അവരെത്തന്നെ വണ്ടിയോടിക്കുവാൻ നിയമിക്കുവാൻ ദാവീദിനെ പ്രേരിപ്പിച്ചത്. എന്നാൽ നാഖോന്റെ കളത്തിങ്കലെത്തിയപ്പോൾ ബഹളം നിമിത്തം കാള വിരണ്ടു. ദൈവത്തിന്റെ പെട്ടകം താഴെ വീഴാതിരിപ്പാൻ ഉസ്സ കൈനീട്ടി അതിനെ പിടിച്ചു. അപ്പോൾ യഹോവയുടെ കോപം ഉസ്സയുടെ നേരെ ജ്വലിച്ചു. അവന്റെ അവിവേകം നിമിത്തം ദൈവം അവനെ അവിടെവച്ചുതന്നെ സംഹരിച്ചു. അവൻ അവിടെ ദൈവത്തിന്റെ പെട്ടകത്തിൻരെ അടുക്കൽ വച്ച് മരിച്ചു. അന്ന് ദാവീദ് യഹോവയെ ഭയപ്പെട്ടു പോയി എന്ന് നാം വായിക്കുന്നു(2ശമു6:1-9).

ഫെലിസ്ത്യരുടെ കൈവശം ഇരുന്ന യഹോവയുടെ പെട്ടകം തിരികെ കൊണ്ടുവരുവാൻ കുറെ വിരുതന്മാരുമായി പോയ ദാവീദിന് വ്യവസ്ഥ തെറ്റിച്ച് പെട്ടകത്തിൽ കയറിപ്പിടിച്ച ഒരു വലിയ മിടുക്കന്റെ അതിദാരുണ മരണം കാണേണ്ടി വന്നു. അതു നിമിത്തം ദൈവത്തിൻരെ പെട്ടകത്തിൽ തൊടാൻ പലരും ഭയപ്പെട്ട് സകലരും മാറിനിൽക്കുമ്പോൾ ഓബേദ് ഏദോം എന്ന ഒരു സാധാര

തുടർച്ച 10പജ്ൽ



**തുടർച്ച 09 പേജിൽ**

ണക്കാരൻെറ വീട്ടിൽ ഇത് കൊണ്ട് വച്ചു. പ്രമാണപ്രകാരം അവൻ അതിനെ സ്വീകരിച്ചപ്പോൾ അവന്റെ വീട്ടിൽ അനുഗ്രഹം കവിഞ്ഞൊഴുകി. ഇതു കണ്ട ദാവിദിന് പെട്ടകം വീണ്ടും അവന്റെ വീട്ടിൽ കൊണ്ടു വരണമെന്ന് തോന്നി. ഒരു ദൈവീക സത്യം ഞാനിവിടെ ആവർത്തിക്കുന്നു. വ്യവസ്ഥപ്രകാരം ദൈവത്തെ ആരാധിച്ചാൽ അനുഗ്രഹം നിശ്ചയം. വ്യവസ്ഥ തെറ്റിച്ചാൽ, അനുഗ്രഹത്തിനു പകരം ശാപമായിരിക്കും ലഭിക്കുക. ഇവിടെ നാം ഗ്രഹിക്കേണ്ട വസ്തുത പെട്ടകം ഇരുന്ന ഓബേദ് ഏദോമിന്റെ ഭവനത്തിൽ വന്ന മാറ്റം നിമിത്തം ദാവീദിന് തോന്നി ഈ പെട്ടകം എന്റെ വീട്ടിലും കൊണ്ടു വരണമെന്ന്.

പ്രിയ സ്നേഹിതരെ, ദൈവത്തെ ആരാധിക്കുന്ന നിനക്ക് വരുന്ന മാറ്റം നിമിത്തം അനേകർ ഈ പെട്ടകം അന്വേഷിച്ചു വരട്ടെ. പത്തും മുപ്പതും വർഷമായി പെട്ടകം കൈയ്യിലുണ്ടായിട്ടും നിനക്കൊരു മാറ്റവും സംഭവിച്ചിട്ടില്ലെങ്കിൽ പിന്നെ ആരിത് അന്വേഷിച്ചു വരും? അതുകൊണ്ട് ആദ്യം നിന്റെ വീട്ടിൽ മാറ്റം സംഭവിക്കട്ടെ. അപ്പോൾ പലർക്കും ഈ ആരാധന വേണമെന്ന് പറയും മൂന്നുമാസം പെട്ടകം വച്ച ഓബേദ് ഏദോം അനുഗ്രഹിക്കപ്പെട്ടു. ഇവിടെ മുപ്പതു വർഷം പെട്ടകം വച്ചിട്ടും എന്തുകൊണ്ട് അനുഗ്രഹമില്ല? വ്യവസ്ഥപ്രകാരം അല്ല അവർ ആരാധിക്കുന്നതെന്ന് തന്നെയാണ് ഉത്തരം. ഇവിടെ ഓബേദ് ഏദോംനിമിത്തം അവന്റെ സകല കുടുംബക്കാരും അനുഗ്രഹിക്കപ്പെട്ടു എന്നാണ് വായിക്കുന്നത്. അതെ, വ്യവസ്ഥപ്രകാരം ആരാധിക്കുന്ന ഒരുവൻ നിന്റെ ഭവനത്തിലുണ്ടെങ്കിൽ അവൻ നിമിത്തം ആ കുടുംബം മുഴുവൻ അനുഗ്രഹിക്കപ്പെടും.

പിന്നീട് ദാവീദ് പെട്ടകം കൊണ്ടു വരുവാൻ വിരുതരെ അല്ല വിശുദ്ധന്മാരെ അന്വേഷിക്കുന്നതായി നാം കാണുന്നു ലേവ്യരല്ലാതെ ആരും യഹോവയുടെ പെട്ടകം ചുമക്കരുതെന്നും അവരെയാണ് ദൈവം തനിക്ക് എന്നും ശുശ്രൂഷ ചെയ്യുവാൻ തെരഞ്ഞെടുത്തിരിക്കുന്നതെന്നും നിങ്ങളെത്തന്നെ അതിനായി ശുദ്ധീകരിപ്പിൻ എന്നും ആദിയിൽ നാം അങ്ങനെ ചെയ്യാതിരുന്നതുകൊണ്ട് നമ്മുടെ ദൈവമായ യഹോവ നമുക്ക് ഛേദം വരുത്തിയെന്നും നാം അവനെ നിയമപ്രകാരം അല്ലല്ലോ അന്വേഷിച്ചത് എന്നും ദാവീദ് പറഞ്ഞു.(1ദിന15:2-13)

യിസ്രായേലിന്റെ ആദ്യരാജാവായ ശൗൽ രാജസ്ഥാനത്തുനിന്നും നിഷ്കാസിതനായതിനുള്ള പലകാരണങ്ങളിലൊന്ന്, ദൈവപുരുഷനായ ശമുവേൽ ഹോമയാഗം കഴിപ്പാൻ വരുവാൻ താമസിക്കുന്നതു കണ്ട് അവൻ തന്നെത്താൻ ചാടിക്കയറി ഹോമയാഗം കഴിച്ചതാണ്. അപ്പോൾ ദൈവപുരുഷനിലൂടെ ശൗലിനോട് അറിയിച്ചത് നോക്കുക. നീചെയ്തത് ഭോഷത്വം ആകുന്നു. നിന്റെ ദൈവമായ യഹോവ നിന്നോടു കൽപ്പിച്ച കൽപ്പന നീ പ്രമാണിച്ചില്ല. നിന്റെ രാജത്വം ദൈവം സ്ഥിരമാക്കുമായിരുന്നു. എന്നാൽ ഇപ്പോഴോ നിന്റെ രാജത്വം സ്ഥിരമാക്കുകയില്ല. യഹോവ നിന്നോടു കൽപ്പിച്ചത് പ്രമാണിക്കായ്കകൊണ്ട് തനിക്ക് ബോധിച്ചൊരു പുരുഷനെ അന്വേഷിക്കുന്നുണ്ട് എന്നു പറഞ്ഞു(1ശമു13:8-13) അത, ദൈവം അവസ്ഥയ്ക്കല്ല, വ്യവസ്ഥയ്ക്കത്രെപ്രാധാന്യം നൽകുന്നത്.

യിസ്രായേലിലെ തന്നെ പ്രബലനായ മറ്റൊരു രാജാവും അധികാരത്തിന്റെ ഗർവ്വിൽ ചാടിക്കയറി ചെയ്ത ഒരു ശുശ്രൂഷ നിമിത്തം ദൈവത്തിന്റെ അടിയേറ്റ് പുറത്തുപോയത് നോക്കുക. ഉസിയാവ് എന്നാണ് അയാളുടെ പേര് അവൻ ബലവാനയപ്പോൾ അവന്റെ ഹൃദയം അവന്റെ നാശത്തിനായിട്ട് നിഗളിച്ചു. അവൻ തന്റെ ദൈവമായ യഹോവയോട് കുറ്റം ചെയ്തു. ധൂപപീഠത്തിന്മേൽ ധൂപം കാട്ടുവാൻ യഹോവയുടെ ആലയത്തിൽ കടന്നു ചെന്നു. അസരിയാ എന്ന പുരോഹിതനും ധൈര്യശാലികളായ മറ്റു ചില പുരോഹിതന്മാരും ചേർന്ന് രാജിവിനെ ഈ ഭോഷത്തത്തിൽ നിന്നും തടുത്തു. ഉസിയാവേ, യഹോവയ്ക്ക് ധൂപം കാട്ടുന്നത് നിനക്ക് വിഹിതമല്ല. ധൂപം കാട്ടുവാൻ വിഷുദ്ധീകരിക്കപ്പെട്ട അഹരോന്യരായ പുരോഹിതന്മാർ ഉണ്ട്. വിശുദ്ധ മന്ദിരത്തിൽ നിന്ന് പൊയ്ക്കൊൾക. ലംഘനമാണ് നീ ചെയ്തത് എന്നും അറിയിച്ചു. അപ്പോൾ മര്യാദയ്ക്ക് ഇറങ്ങിപ്പോകേണ്ട അവൻ ധൂപ വർഗം കൈയ്യിൽ പിടിച്ചു കൊണ്ട് യഹോവയുടെ പുരോഹിതന്മാരുടെ നേരെ കോപിച്ചു. അപ്പോൾ തന്നെ പുരോഹിതർ കാൺകെ അവന്റെ മേൽ ദൈവത്തിന്റെ ശിക്ഷയുടെ കരം ഇറങ്ങി. അവർ കാൺകെ അവന്റെ നെറ്റിക്ക് കുഷ്ഠം പൊങ്ങി. പുരോഹിതർ ചേർന്ന് ഉടൻ തന്നെ ആ കുഷ്ഠ രോഗിയെ കൈക്കു പിടിച്ച് പുറത്താക്കി. യഹോവ തന്നെ ബാധിച്ചതു കൊണ്ട് അവൻ തന്നെ പുറത്തുപോകുവാൻ ബദ്ധപെട്ടു. അങ്ങനെ ഉസ്സിയാവ് ജീവപര്യന്തം കുഷ്ഠരോഗിയായി താമസിച്ചു. (2ദിന26:16-23).

നോക്കുക, ദൈവത്തെ ആരാധിപ്പാൻ അവൻ ആരെയും നിർബന്ധിക്കുന്നില്ല എന്നാൽ വ്യവസ്ഥ തെറ്റിച്ചുള്ള ആരാധന ദൈവം സ്വീകരിക്കില്ലെന്ന് മാത്രമല്ല ദൈവീക ശിക്ഷയുടെ കരം അതിനെതിരായി വരികയും ചെയ്യും. ഈ വിഷയം അത്ര ഗൗരവമായി സാധാരയാരും എടുക്കാറില്ല. അതുകൊണ്ട് തന്നെ വ്യവസ്ഥ തെറ്റിച്ചുള്ള ആരാധനയെ നിസ്സാരമായി കാണുകയും ബഹുശതം ആളുകൾ അതു പിൻതുടരുകയും ചെയ്യുന്നു. ഇതിൻെറ ഗൗരവം വിശുദ്ധ വേദപുസ്തകത്തിൽ നിന്ന് ഗ്രഹിച്ചതിനാൽ എന്റെ അനുവാചകർക്ക് ശക്തമായ മുന്നറിയിപ്പ് നൽകണമെന്ന പരിശുദ്ധാത്മ പ്രേരണയാൽ അടുത്തൊരു അദ്ധ്യായം കൂടി ഞാൻ ഇതിനായി നീക്കിവയ്ക്കുന്നു.

ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ യഹോവയുടെ പെട്ടകം ദാവീദ് തന്റെ നഗരത്തിലേക്ക് കൊണ്ടു വരുന്നതിനെക്കുറിച്ച് പ്രതിപാദിച്ചിരുന്നുവല്ലോ. ആ സന്ദർഭത്തിൽ ദാവീദ് പഞ്ഞിനൂലങ്കി ധരിച്ചു കൊണ്ട് പൂർണ്ണ ശക്തിയോടെ യഹോവയുടെ മുമ്പാകെ നൃത്തം ചെയ്തു എന്നു നാം വായിക്കുന്നു ആരാധനയെല്ലാം കഴിഞ്ഞു വീട്ടിൽ വന്ന ദാവീദ് രാജാവിനെ അവൻെറ ഭാര്യ മീഖൾ പരിഹാസത്തോടെ എതിരേറ്റു. ദാവീദിന്റെ തുള്ളലും പാട്ടും ഒന്നും അവൾക്ക് പിടിച്ചില്ല. അവൾ ചോദിച്ചു: നിസ്സാരൻമാരിൽ ഒരുത്തൻ തന്നെത്താൻ അനാവൃതനാക്കുന്നതുപോലെ ഇന്നു തന്റെ ദാസന്മാരുടെ ദാസികൾ കാൺകെ തന്നെത്താൻ അനാവൃതനാക്കിയ യിസ്രായേൽ രാജാവ് ഇന്ന് എത്ര മഹത്വമുള്ളവൻ. അതിന് ദാവീദിന്റെ മറുപടി: യഹോവയുടെ ജനമായ യിസ്രായേലിന് പ്രഭുവായി നിയമിപ്പാൻ തക്കവണ്ണം നിന്റെ അപ്പനിലും അവന്റെ സകല ഗൃഹത്തിലും ഉപരിയായി എന്നെ തിരഞ്ഞെടുത്തിരിക്കുന്ന യഹോവയുടെ മുമ്പാകെ ഞാൻ നൃത്തം ചെയ്യും. ഞാൻ ഇനിയും ഇതിലധികവും ഹീനനും എന്റെ കാഴ്ചയ്ക്ക് എളിയവനും ആയിരിക്കും നീ പറഞ്ഞ ദാസികളാലോ എനിക്ക് മഹത്വം ഉണ്ടാകും. (2ശമു6:20,21) എന്നായിരുന്നു.

അതെ, അവർ യഹോവയെ അവന്റെ നന്മയെ ചൊല്ലിയും അവൻ മനുഷ്യ പുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിക്കട്ടെ(സങ്കീ:107:15). ഇതാണ് ദൈവകൃപ, ഇതാണ് യഥാർത്ഥ ആരാധന ദൈവത്തെ ആരാധിക്കുവാൻ വരുമ്പോൾ പദവികൾ, സ്ഥാന മഹിമകൾ, പുകഴ്ചകൾ എല്ലാംമാറ്റി വയ്ക്കുക. എന്നെ ഞാനാക്കിയത് ദൈവമാണെന്ന് ഓർത്ത് അവന് സകല ബഹുമാനവും പുകഴ്ചയും അർപ്പിക്കുക. അത് നിമിത്തം അപമാനമല്ല പുകഴ്ച തന്നെ, താഴ്ചയല്ല ഉയർച്ച തന്നെ ലഭിക്കുമെന്ന് യിസ്രായേലിന്റെ രാജാവായ ദാവീദിന്റെ അനുഭവം നമ്മെ പഠിപ്പിക്കുന്നു. ദൈവസന്നിധിയിൽ അടുത്തവാക്യം പറയുന്നത്, ശൗലിന്റെ മകളായ മീഖളിന് ജീവപര്യന്തം ഒരു കുട്ടിയും ഉണ്ടായില്ല(2ശമു6:23). ദൈവം അവളുടെ ഗർഭം അടച്ചു. വിശുദ്ധിയിൽ , പരമാർത്ഥതയിൽ ദൈവത്തെ ആരാധിക്കുന്ന ഒരു ദൈവപൈതലിനെ നീ പരിഹസിക്കരുത്. നിന്റെ നന്മയുടെ വഴികൾ പലതും അടയപ്പെടും. അത് നിനക്ക് പാപകാരണമായിത്തീരും.

theendtimenews.com




THE ENDTIME NEWS

# ന്യൂനപക്ഷ വിവേചനം: ഹൈക്കോടതി വിധി സ്വാഗതം ചെയ്ത് കെ സി ബി സി




കൊച്ചി: ന്യൂനപക്ഷ ക്ഷേമ പദ്ധതികളിൽ 80:20 എന്ന അനുപാതം റദ്ദാക്കിയ ഹൈക്കോടതി വിധിയെ കേരള കത്തോലിക്ക മെത്രാൻ സമിതി സ്വാഗതം ചെയ്തു. ജനസംഖ്യാ അടിസ്ഥാനത്തിൽ ആയിരിക്കണം ക്ഷേമ പദ്ധതികൾ വിതരണം ചെയ്യേണ്ടതെന്ന ഹൈക്കോടതിയുടെ നിരീക്ഷണവും സ്വാഗതാർഹമാണെന്നും ഈ വിധി ഏതെങ്കിലും ഒരു സമുദായത്തിനോ സമൂഹത്തിനോ എതിരാണ് എന്ന് കരുതുന്നില്ലെന്നും കെസിബിസി ഡെപ്യൂട്ടി സെക്രട്ടറിയും പിഒസി ഡയറക്ടറുമായ ഫാ ജേക്കബ് പാലയ്ക്കാപ്പിള്ളി പറഞ്ഞു. വളരെ നീതിപൂർവമാണ് ഹൈക്കോടതി ഈ വിഷയം പഠിച്ചതും നിരീക്ഷിച്ചതും വിധി ന്യായത്തിൽ കുറിച്ചിരിക്കുന്നതും. സച്ചാർ കമ്മറ്റി റിപ്പോർട്ടിന്റേയും പാലൊളി മുഹമ്മദ് കമ്മറ്റി റിപ്പോർട്ടിന്റെയും പശ്ചാത്തലത്തിലാണ് സർക്കാർ ന്യൂനപക്ഷ ക്ഷേമ വകുപ്പും ന്യൂനപക്ഷ കമ്മീഷനും രൂപീകരിച്ചത്.അതേ തുടർന്നാണ് വിവിധ ക്ഷേമ പദ്ധതികളും സ്കോളർഷിപ്പുകളും ന്യൂനപക്ഷ വിഭാഗത്തിനായി നടപ്പിലാക്കിയതും. എന്നാൽ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയപ്പോൾ സച്ചാർ കമ്മറ്റിയുടേയും പാലൊളി മുഹമ്മദ് കമ്മറ്റിയുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക സമൂഹത്തെ മാത്രം മുന്നിൽ കണ്ടുകൊണ്ടും അവർക്കു വേണ്ടി മാത്രമായി പദ്ധതികൾ ആവിഷ്ക്കരിച്ചു എന്നതാണ് സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയായി ഹൈക്കോടതി നിരീക്ഷിച്ചിരിക്കുന്നത്. ന്യൂനക്ഷേമ പദ്ധതികൾ എന്ന് വിഭാവനം ചെയ്ത് പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്തിട്ടുള്ളതും കേന്ദ്രസർക്കാർ നിരീക്ഷിച്ചിട്ടുള്ളതുമായ എല്ലാ മതന്യൂനപക്ഷങ്ങളേയും ആ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും ഹൈക്കോടതി സർക്കാരിനെ ഓർമ്മപ്പെടുത്തിയിരിക്കുകയാണെന്നും ഫാ ജേക്കബ് പാലയ്ക്കാപ്പിള്ളി പറഞ്ഞു.




## ഇസാഖ് ഹെർസോഗ് ഇസ്രായേലിന്റെ 11 മത്തെ പ്രസിഡന്റ്

ടെൽ അവീവ്: ഇസ്രായേലി ലേബർ പാർട്ടി നേതാവായിരുന്ന ഐസക് ഹെർസോഗ് 11 മത്തെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. 120 ൽ 87 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ എതിർ സ്ഥാനാർത്ഥിയായ മിരിയം പെരെറ്റ്സിനെയാണ് തോൽപ്പിച്ചത്. ഇപ്പോഴത്തെ പ്രസിഡന്റ് റൂവൻ റിവ്‌ലിൻ ജൂലൈയിൽ സ്ഥാനമൊഴിയുന്നതോടെ 60 കാരനായ ഹെർസോഗ് ചുമതല ഏറ്റെടുക്കും.

# വ്യാജ മതനിന്ദ കേസ്: വധശിക്ഷയ്ക്ക് പാക്ക് ക്രിസ്ത്യൻ ദമ്പതികൾക്ക് 7 വർഷങ്ങൾക്ക് ശേഷം മോചനം

ലാഹോർ: പാക്കിസ്ഥാനിലെ കുപ്രസിദ്ധമായ മതനിന്ദാ നിയമത്തിന്റെ പേരിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് ജയിലിൽ കഴിഞ്ഞിരുന്ന ക്രിസ്ത്യൻ ദമ്പതികൾക്ക് 7 വർഷങ്ങൾക്ക് ശേഷം മോചനം. കീഴ്കോടതി വിധിക്കെതിരെ അപ്പീൽ സ്വീകരിച്ച ലാഹോർ ഹൈക്കോടതി ഇക്കഴിഞ്ഞ ജൂൺ 3 ന് ഷക്ഫാത്ത് ഇമ്മാനുവേൽ, ഷാഗഫ്ത്ത കൗസർ എന്നീ ക്രിസ്ത്യൻ ദമ്പതികളുടെ വധശിക്ഷ റദ്ദാക്കുകയും കുറ്റവിമുക്തരാക്കുകയും ചെയ്തുകൊണ്ട് യൂറോപ്യൻ പാർലമെന്റിൽ രൂക്ഷവിമർശനത്തിന് കാരണമായതും നിരപരാധികളായ ദമ്പതികളുടെ മോചനത്തിൽ നിർണ്ണായകമായി.

2013 ൽ ആണ് പ്രവാചകനെ അവഹേളിക്കുന്ന തരത്തിലുള്ള മെസ്സേജ് അയച്ചു എന്ന വ്യാജ ആരോപണത്തിന്റെ പേരിൽ ലാഹോറിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള ഗോജ്റ നിവാസികളായ ഷഫ്കാത്ത്,ഷാഗുഫ്ത്ത ദമ്പതികൾ അറസ്റ്റിലാകുന്നത്. കുറ്റവിമുക്തരായ ദമ്പതികൾക്കും അവരുടെ അഭിഭാഷകനും അടിയന്തിര സുരക്ഷ ഏർപ്പാടാക്കണമെന്ന് ബന്ധപ്പെട്ട അധികാരികളോട് ലാഹോർ കോടതി ഉത്തരവിട്ടു. ദമ്പതികൾ അടുത്ത ആഴ്ച പുറത്തുവരുമെന്ന് അഭിഭാഷകനായ സയിഫ് ഉൾ മാലൂക് അറിയിച്ചു. ആഗോളതലത്തിൽ ചർച്ചചെയ്യപ്പെട്ട ആസിയാ ബീബിയുടെ വധശിക്ഷ റദ്ദാക്കുവാൻ നിയമയുദ്ധം നടത്തിയതും ഇതേ അഭിഭാഷകൻ തന്നെയായിരുന്നു.

പ്രവാചകനെ അവഹേളിക്കുന്ന തരത്തിലുള്ള ടെക്സ്റ്റ് മെസേജ് പ്രാദേശിക ഇമാമിന് അയച്ചു എന്നും ആ മെസേജ് താൻ കണ്ടുവെന്നും ഒരു കടയുടമ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് ഇവർ അറസ്റ്റ് ചെയ്യപ്പെട്ടത്. എന്നാൽ നിരക്ഷരരായ തങ്ങൾക്ക് മൊബൈൽ സന്ദേശം അയക്കുന്നത് അറിയില്ലെന്ന് ദമ്പതികൾ കോടതിയെ ബോധിപ്പിച്ചിരുന്നു. വ്യക്തി വൈരാഗ്യം തീർക്കുവാനായി കൗസറിന്റെ പേരിൽ വ്യാജ സിം കാർഡ് എടുത്ത അയൽവാസി അയച്ചതാണ് ഈ സന്ദേശമെന്ന് അഭിഭാഷകൻ സംശയം പ്രകടിപ്പിച്ചതായി ബി ബി സി റിപ്പോർട്ട് ചെയ്തിരുന്നു.

ഏറെ വിവാദമായ കേസിന്റെ പശ്ചാത്തലം കൂടി കണക്കിലെടുത്ത് മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിൽ പരാജയപ്പെട്ട പാക്കിസ്ഥാനെ അപലപിച്ചുകൊണ്ട് കഴിഞ്ഞ ഏപ്രിലിൽ യൂറോപ്യൻ പാർലമെന്റ് പ്രമേയം പാസാക്കി. പാക്കിസ്ഥാനിൽ നിന്നും യൂറോപ്പിലേക്ക് കയറ്റുമതി ചെയ്യുന്ന ചരക്കുകളുടെ ഇറക്കുമതി തീരുവ ഇളവ് ചെയ്തുകൊണ്ട് പാക്കിസ്ഥാന് നൽകിവരുന്ന ജി പി എസ് പദവി പുന:പരിശോധിക്കണമെന്ന ആവശ്യവും പാർലമെന്റിൽ ഉയർന്നിരുന്നു. ക്രൈസ്തവർക്കെതിരായ പീഢനത്തിന്റെ പേരിൽ കുപ്രസിദ്ധിയാർജ്ജിച്ച സ്ഥലമാണ് ഗോജ്റ. ഖുറാനെ അവഹേളിച്ചു എന്നാരോപിച്ച് 2009 ൽ രോഷാകുലരായ ജനക്കൂട്ടം ഗോജ്റയിലെ 77 ഓളം ക്രിസ്ത്യൻ ഭവനങ്ങൾ അഗ്നിക്കിരയാകുകയും 7 പേരെ കൊലപ്പെടുത്തുകയും ചെയ്തിരുന്നു.

# മഹാമാരി കാലത്ത് ദശലക്ഷക്കണക്കിന് അമേരിക്കൻ പൗരൻമാർ ബൈബിളിലേക്ക് തിരിഞ്ഞതായി റിപ്പോർട്ട്

ന്യൂയോർക്ക്: കോവിഡ് പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ദശലക്ഷകണക്കിന് അമേരിക്കൻ പൗരൻമാർ ബൈബിളിലേക്ക് തിരിഞ്ഞിട്ടുണ്ടെന്ന വെളിപ്പെടുത്തലുമായി അമേരിക്കൻ ബൈബിൾ സൊസൈറ്റിയുടെ റിപ്പോർട്ട് പുറത്ത്. അമേരിക്കൻ ഐക്യനാടുകളിലെ ആത്മീയതയിലേയും, ബൈബിളുമായുള്ള ഇടപെടലിലേയും സാംസ്കാരിത പ്രവണതകളെക്കുറിച്ച് പ്രതിപാദിക്കുന്ന എ ബി എസ് ന്റെ പതിനൊന്നാമത് വാർഷിക സ്റ്റേറ്റ് ഓഫ് ദി ബൈബിൾ റിപ്പോർട്ടിൽ പറയുന്നു.

മൂവബിൾ ആൻഡ് മിഡിൽ എന്ന വിഭാഗത്തിൽ 9.5 കോടി ആളുകൾ ഇക്കാലത്ത് ആദ്യമായി ബൈബിൾ വായിച്ചു. 2019 ൽ 16.9 കോടി അമേരിക്കക്കാർ സാന്ദർഭികമായി ബൈബിൾ വായിച്ചപ്പോൾ 18.1 കോടിയാണ് കഴിഞ്ഞ വർഷം ബൈബിൾ തുറന്നത്. പ്രായപൂർത്തിയായ അമേരിക്കക്കാരിൽ 12% ആഴ്ചയിലെ ഭൂരിഭാഗം ദിവസങ്ങളിലും ബൈബിൾ വായിക്കുന്നുണ്ട്. സർവേയിൽ പങ്കെടുത്തവരിൽ 34% തങ്ങൾ ആഴ്ചയിലൊരിക്കലെങ്കിലും ബൈബിൾ വായിക്കാറുണ്ടെന്നു സമ്മതിച്ചു.



പകർച്ചവ്യാധിക്കിടയിൽ ജീവിതത്തിന്റെ അർത്ഥവും സമാധാനവും തേടി കൂടുതൽ അമേരിക്കക്കാർ ദൈവവചനത്തിലേക്ക് തിരിഞ്ഞുവെന്ന് എബിഎസ് ഇന്റലിജൻസ് വിഭാഗം ഡയറക്ടർ ജോൺ ഫാർക്കുഹാർ പ്ലേക് ക്രിസ്ത്യൻ പോസ്റ്റ് ന് നൽകിയ ആഭിമുഖ്യത്തിൽ പറഞ്ഞു.

# ലോക പ്രശസ്ത സുവിശേഷകൻ പാസ്റ്റർ റ്റി ബി ജോഷ്വാ നിത്യതയിൽ



നൈജീരിയ: ലോക പ്രശസ്ത സുവിശേഷകനും ടിവി പ്രഭാഷകനുമായിരുന്ന റ്റി ബി ജോഷ്വാ (57) നിത്യതയിൽ പ്രവേശിച്ചു. നൈജീരിയയിലെ ലാഗോസിൽ നിന്ന് ഇമ്മാനുവേൽ ടിവി ടെലിവിഷൻ സ്റ്റേഷൻ നടത്തുന്ന ക്രിസ്ത്യൻ മെഗാ ചർച്ച് ആയ ചർച്ച് ഓഫ് ഓൾ നേഷൻസിൻ സിനഗോഗിന്റെ സീനിയർ പാസ്റ്ററും സ്ഥാപകനുമായിരുന്നു റ്റി ബി ജോഷ്വാ. ജൂൺ 5 ന് നിത്യതയിൽ ചേർക്കപ്പെട്ടു എന്ന് സഭാവൃത്തങ്ങൾ അറിയിച്ചു. ശനിയാഴ്ച ഇമ്മാനുവേൽ ടെലിവിഷൻ പങ്കാളികളുടെ യോഗത്തിൽ ടി ബി ജോഷ്വാ പറഞ്ഞത് 'എല്ലാത്തിനും സമയം-പ്രാർത്ഥനയ്ക്കായി ഇവിടെ വരാനുള്ള സമയവും വീട്ടിലേക്ക് മടങ്ങാനുള്ള സമയവും അവസാന നിമിഷങ്ങൾ ദൈവസേവനത്തിനായി ചെലവഴിക്കുന്നു'. അവസാന വാക്കുകളായി അദ്ദേഹം മൊഴിഞ്ഞത് 'വാച്ച് ആന്റ് പ്രേ' എന്നായിരുന്നു.

Available on the iPhone App Store
ANDROID APP ON Google play
theendtimenews.com



# നിരീക്ഷകൻ

# നസ്രായൻ യേശു



jiji babu

**ജാ**തികളായ നമുക്കു രക്ഷ നേടിത്തന്നത് ഈ യേശുവിന്റെ സ്വന്ത ജനമായ യെഹൂദന്മാർ യേശുവിനെ തള്ളിക്കളഞ്ഞതുകൊണ്ടല്ലെ ക്രൂശിച്ചതുകൊണ്ടല്ലെ പ്രിയരെ,തന്റെ ജീവനെപ്പോലും മറുവിലയായി നൽകിത്തന്ന് ഇനിയുമിനിയും ജനിക്കാനിരിക്കുന്ന ഓരോരുത്തർക്കും വേണ്ടി ജന്മപാപവും കർമ്മപാപവും കൊണ്ടു പാപികളായി മാറുന്ന ഓരോ വ്യക്തിയുടെയും പാപപരിഹാരമായിട്ടല്ലെ അരുമനാഥൻ ക്രൂശിക്കപ്പെട്ടത്. നമ്മെ വീണ്ടെടുത്തു നമുക്കു വേണ്ടി പ്രാണൻ വച്ചു തന്ന ക്രൂശിലെ മഹാസ്നേഹം തന്റെ ഐഹികകാലത്തു തന്നെ നമ്മെ പഠിപ്പിച്ച മാതൃക കാട്ടിത്തന്നും ഏഴ് അല്ല എഴുപതു വട്ടവും ക്ഷമയാകാമെന്നും ആരെങ്കിലും ഒരു നാഴിക കൂട്ടുവരാമോയെന്നു ചോദിച്ചാൽ രണ്ടു നാഴിക പോകണമെന്നും ഒരു ഉടുപ്പു ചോദിച്ചാൽ 2 ഉടുപ്പു കൊടുക്കണമെന്നു മാത്രമല്ല നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നുകിട്ടുമെന്നും അനേക രോഗികളെ സൗഖ്യമാക്കിയും ഗിരിപ്രഭാഷണങ്ങൾ നടത്തിയും മരിച്ചവരെ



ഉയർപ്പിച്ചും പകരം വെയ്ക്കാൻ കഴിയാത്ത അനേകം ഉപമകൾ നമുക്കു സമ്മാനിച്ചും സ്നേഹത്തിന്ക്രൂശിനോളം ആഴമുണ്ടെന്നും ജീവനെ പകരം നൽകുന്ന സ്നേഹമാണ് യഥാർത്ഥ സ്നേഹമെന്ന് നമ്മെ പഠിപ്പിച്ച നല്ല ശമര്യക്കാരൻ. യേശു നൽകിയ മഹാനിയോഗം എന്താണ് പ്രിയപ്പെട്ടവരെ, സ്വർഗ്ഗത്തിലും ഭൂമിയും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു ആകയാൽ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കൽപ്പിച്ചതൊക്കെയും പ്രമാണിക്കുവാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകലജാതികളെയും ശിഷ്യരാക്കി കൊൾവിൻ ഈ നിയോഗത്തിൽ നമ്മളാൽ ആവുംവിധം യേശുവിനെ മറ്റുള്ളവർക്കു പരിചയപ്പെടുത്താം കാരണം ബൈബിൾ പറയുന്നു സുവിശേഷം അറിയിച്ചില്ലെങ്കിൽ എനിക്കയ്യോ കഷ്ടം. എന്താണ് സുവിശേഷം ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചു ഉയിർത്തെഴുന്നേറ്റ യേശു എന്ന സുവിശേഷം. ഈ മഹാമാരി താണ്ഡവമാടുന്ന വേളയിലും രോഗികൾക്കു നല്ല വൈദ്യനായ യേശുവിനെ നമുക്കു പരിചയപ്പെടുത്താം നമ്മുടെ വാക്കിലും പ്രവർത്തിയും ചിന്തയുമെല്ലാം നസ്രയാനായ യേശുവിനെ ഉയർത്തുന്നതാകട്ടെ.






24/7 Christian
Radio Network
NOW AVAILABLE IN
**English Malayalam**
**Hindi & Tamil**

END TIME
RADIO




- Christian songs unlimited
- Christian short messages
- Motivational sermons
- Uplifting talks & so on...

IT'S ABSOLUTELY **FREE!!**

*Stream inside outside or anywhere you go!*

Computer
Smart phone
Tablet
Wireless speaker
Smart TV
Car-media player

*and more..*

Download now
GET IT ON Google Play
Download on the App Store
visit us: theendtimeradio.com

endtimeradio24x7

the
END TIME NEWS
VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

Reg no :
TVM/TC/1717/2014
Established :USA
Published from :
India, Kerala, TVM




We are Architectural Aluminum systems and Glazers Company run by Experienced and Qualified Engineers, Technicians and installers. We make high performing entrances, storefronts,windows, structural glazing, Curtain walls, etc.Committed in creating next-generation technologies; we strive to ensure safety and comfort of buildings. Every project comes with warranty and quick turnaround. We give infinite possibilities and innovative design solutions to your ideas or dreams. Explore our dynamic array of innovative solutions for renovation and new construction. Together we build your dreams with our experience and dedication.

**OUR OTHER ALUMINIUM PRODUCTS**

- **Manual ICU sliding Doors.**
- **Manual Pivot or Hinged Doors.**
- **Automatic folding Doors.**
- **Five door systems.**
- **Manual Swing and slide Doors.**
- **Aluminium, FRP and Fiberglass Enty Doors.**
- **Store front systems.**
- **Shower doors.**
- **Patio sliding doors.**
- **Frameless glass enterace Doors.**
- **Window Wall.**

405 778 4341
405 590 6116
usglasstech@gmail.com
www.usglasstech.com

Innovative Products
520 Beacon Pl,
Oklahoma City,OK 73127
(Off) 405 440-0010
(Fax) 405 440 0015